**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3540** **15-02-2024 - ൽ മറുപടിയ്ക്ക്**

**വെറും പാട്ടം ഉൾപ്പെടെയുള്ള ഭൂമി ജന്മാവകാശ ഭൂമിയാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വെറും പാട്ടം ഉൾപ്പെടെയുള്ള ഭൂമി ജന്മമാവകാശ ഭൂമിയാക്കി മാറ്റുന്നതിനുള്ള ലാൻഡ് ട്രിബ്യൂണൽ നടപടിക്രമങ്ങൾ കാലതാമസം ഉണ്ടാകുന്നതിനാൽ ഇത് പരിഹരിക്കുന്നതിന് വെറും പാട്ടം ഉൾപ്പെടെയുള്ള ഭൂമി ജന്മമാവകാശ ഭൂമിയാക്കി മാറ്റുന്നതിനുള്ള നടപടിക്രമം പരമാവധി ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (എ) | കേരളത്തിൽ ജന്മി-കുടിയാൻ ബന്ധത്തിൽ ആദ്യകാലത്തുണ്ടായിരുന്ന ഒരുതരം കുടിയായ്മയാണ് വെറുംപാട്ടം. കുടിയായ്മ കൈവശഭൂമിക്ക് മേൽ പൂർണ്ണമായ ഉടമസ്ഥാവകാശം 1963-ലെ കേരള ഭൂപരിഷ്കരണ നിയമം, 13-ാം വകുപ്പ് പ്രകാരം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവരുടെ നിയമാനുസൃത അർഹത പരിശോധിക്കാനുള്ള നിയമപരമായ അധികാരം ലാൻഡ് ട്രൈബ്യൂണലുകൾ ക്കാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 100 ദിന പരിപാടി കളിലൂടെയും പട്ടയ മിഷനിലൂടെയും ഒരു ലക്ഷത്തിൽപരം ആളുകൾക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങൾ നൽകിയിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിന് വിധേയമായി നടപടി ക്രമങ്ങൾ ലഘൂകരിച്ച് ആവശ്യമായ സ്പഷ്ടീകരണങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ